പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 253

2025-ലെ കേരള കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 253

2025-ലെ കേരള കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 253

2025-ലെ കേരള കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ കൃഷിയുടെയും അനുബന്ധ മേഖല
യുടെയും സ്ഥിതി അവലോകനം ചെയ്യുന്നതിനും കാർഷിക
വികസനം, പാരിസ്ഥിതിക സുസ്ഥിരത, സാമ്പത്തിക
ശാക്തീകരണം എന്നിവയിലൂന്നിക്കൊണ്ടുള്ള കാർഷിക
പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അതുവഴി
കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും
പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതി
നുമായി കമ്മീഷൻ രൂപീകരിക്കുന്നതിനും
അതുമായി ബന്ധപ്പെട്ടതോ അതിന്
ആനുഷംഗികമായതോ ആയ
കാര്യങ്ങൾക്കും വേണ്ടി
വ്യവസ്ഥ ചെയ്യുന്ന
തിനുമായി

ഒരു

ബിൽ

<u>പീഠിക</u>.—കേരള സംസ്ഥാനത്തെ കൃഷിയുടെയും അനുബന്ധ മേഖലയുടെയും സ്ഥിതി അവലോകനം ചെയ്യുന്നതിനും കാർഷിക വികസനം, പാരിസ്ഥിതിക സുസ്ഥിരത, സാമ്പത്തിക ശാക്തീകരണം എന്നിവയിലൂന്നിക്കൊണ്ടുള്ള കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അതുവഴി കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കർഷകൻ" എന്നാൽ ഉടമസ്ഥനായോ അനുമതി പത്രക്കാരനായോ ഒറ്റികൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തകപാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റൊരു വിധത്തിലും അഞ്ചുസെന്റിൽ കുറയാതെ വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും കൃഷി പ്രധാന ഉപജീവനമാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുയാൾ എന്നർത്ഥമാകുന്നു;

എന്നാൽ, സർക്കാരിന് കമ്മീഷന്റെ ശിപാർശയിന്മേൽ, ഗസറ്റ് വിജ്ഞാപനം വഴി, ഭൂമിയുടെ വിസ്തീർണ്ണം, വാർഷിക വരുമാനം എന്നിവയുടെ പരിധി കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കാവുന്നതാണ്;

(ബി) "കർഷകത്തൊഴിലാളി" എന്നാൽ ഒരു ഭൂ ഉടമ അല്ലെങ്കിൽ കർഷകൻ നൽകുന്ന വേതനം സ്വീകരിച്ചുകൊണ്ട് അയാളുടെ കൃഷിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുകയോ മറ്റേതെങ്കിലും തരത്തിലുള്ള കാർഷികവൃത്തിയിൽ ഏർപ്പെടുകയോ ചെയ്യുന്നയാൾ എന്നർത്ഥമാകുന്നു;

(സി) "കൃഷി" എന്നാൽ 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019-ലെ 26-ാം ആക്റ്റ്) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ അതിന് നൽകിയിരിക്കുന്ന അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(ഡി) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കർഷകത്തൊഴിലാളി കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "വിജ്ഞാപനം" എന്നാൽ കേരളസർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) "ചെയർപേഴ്സൺ" എന്നാൽ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഐ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. കേരള കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാബല്യതീയതിക്കുശേഷം, കഴിയുന്നത്രവേഗം ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി "കേരള കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ" എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാണ്, അതായത്:—

(i) റിട്ടയർ ചെയ്ത കാർഷിക മേഖലയിലെ ശാസ്ത്രജ്ഞൻ - ചെയർപേഴ്സൺ;

(ii) ഡയറക്ടർ, കൃഷിവകുപ്പ് - എക്സ്-ഒഫിഷ്യോ അംഗം;

(iii) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് - എക്സ്-ഒഫിഷ്യോ അംഗം;

(iv) കൃഷി വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ - എക്സ്-ഒഫിഷ്യോ സെക്രട്ടറി;

(v) മൂന്ന് കർഷക പ്രതിനിധികൾ - അംഗം;

(vi) മൂന്ന് കർഷകത്തൊഴിലാളി പ്രതിനിധികൾ - അംഗം.

(3) ചെയർപേഴ്സണേയും എക്സ്-ഒഫിഷ്യോ അല്ലാത്ത അംഗങ്ങളേയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(4) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാവുന്നതാണ്.

(5) കമ്മീഷൻറെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതാണ്.

4. കമ്മീഷന്റെ കാലാവധിയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും.—(1) കമ്മീഷന്റെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്:

എന്നാൽ, സർക്കാരിന് ആവശ്യമെന്ന് തോന്നുന്നപക്ഷം കാലാവധി അപ്രകാരമുള്ള കാലയളവിലേയ്ക്ക് നീട്ടി നൽകാവുന്നതാണ്

(2) ചെയർപേഴ്സണോ അംഗത്തിനോ ഏത് സമയത്തും സർക്കാരിനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി നൽകിക്കൊണ്ട് ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) മരണം, നീക്കം ചെയ്യൽ, രാജിവയ്ക്കൽ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ ഉണ്ടാകുന്ന ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ആകസ്മിക ഒഴിവ് പുതിയ നിയമനം മുഖേന നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന വ്യക്തി, ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്:

(4) സർക്കാരിന്, ഉത്തരവുമൂലം ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തെയോ, അയാൾ,—

(എ) ഒരു കോടതിയാൽ നിർദ്ധനനായി വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായി തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഡി) കമ്മീഷനിൽ നിന്നും, ഹാജരാകാതിരിക്കുന്നതിന് അനുവാദം വാങ്ങാതെ കമ്മീഷന്റെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ; അല്ലെങ്കിൽ

(ഇ) തൽസ്ഥാനത്ത് തുടരുന്നത് കർഷക താൽപ്പര്യത്തിനോ പൊതു താല്പര്യത്തിനോ ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സർക്കാരിന് ബോദ്ധ്യമാകുകയോ ചെയ്യുന്നപക്ഷം,

അയാളെ ഔദ്യോഗിക സ്ഥാനത്തിനിന്നും നീക്കം ചെയ്യാവുന്നതാണ്;

എന്നാൽ, ഈ ഖണ്ഡത്തിൻകീഴിൽ യാതൊരാളെയും ഈ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(5) ചെയർപേഴ്സണോ ഒരംഗത്തിനോ രണ്ടിൽ കൂടുതൽ തവണ ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹതയില്ലാത്തതാകുന്നു.

(6) കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, ഭരണനിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായിരിക്കുന്നതും അദ്ദേഹത്തെ മറ്റംഗങ്ങൾ സഹായിക്കേണ്ടതുമാണ്.

(7) ചെയർപേഴ്സൺ ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളവും ബത്തകളും നൽകേണ്ടതുമാണ്.

(8) കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് എക്സ്-ഒഫിഷ്യോ ഒഴികെയുള്ള അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ബത്തകളോ സിറ്റിംഗ് ഫീസോ നൽകേണ്ടതാണ്.

5. കമ്മീഷനിലെ ജീവനക്കാർ.—(1) കമ്മീഷന്റെ ശരിയായ വിധത്തിലുള്ള നടത്തിപ്പിനാവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും കമ്മീഷന് സർക്കാർ ലഭ്യമാക്കേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിലേയ്ക്കായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

6. ശമ്പളവും ബത്തകളും ഭരണച്ചെലവുകളും ഗ്രാന്റുകളിൽ നിന്നും നൽകണമെന്ന്.— ചെയർപേഴ്സണ് നൽകേണ്ടതായ ശമ്പളവും ബത്തകളും, അംഗങ്ങൾക്ക് നൽകേണ്ടതായ അലവൻസുകളും അഥവാ സിറ്റിംഗ് ഫീസും, 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകളും 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്നും നൽകേണ്ടതാണ്.

7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികൾ അസാധുവാക്കുന്നതല്ലെന്ന്.— കമ്മീഷന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നോ അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

8. കമ്മീഷന്റെ യോഗങ്ങൾ.—(1)ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള സമയങ്ങളിലും കമ്മീഷൻ യോഗം ചേരേണ്ടതും കമ്മീഷന് അതിന്റെ തന്നെ നടപടിക്രമം നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(2) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഇതിലേയ്ക്ക് കമ്മീഷൻ അധികാരപ്പെടുത്തുന്ന ഏതൊരംഗത്തിന്റെയോ കൈയൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതും കമ്മീഷൻ ചമയ്ക്കുന്ന മറ്റ് പ്രമാണങ്ങൾ സെക്രട്ടറിയുടെയോ അല്ലെങ്കിൽ ഇതിലേയ്ക്ക് ചെയർപേഴ്സൺ അധികാരപ്പെടുത്തുന്ന മറ്റേതൊരു ഉദ്യോഗസ്ഥന്റെയോ കൈയൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതുമാണ്.

(3) കമ്മീഷന്, അതിന്റെ പരിഗണനയിലുള്ള ഏതെങ്കിലും കാര്യ നിർവ്വഹണത്തിന്റെ ആവശ്യത്തിലേയ്ക്കായോ ആ വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേക അറിവും പരിചയവുമുള്ള രണ്ടിൽ കൂടുതലല്ലാത്ത വ്യക്തികളെ കമ്മീഷന്റെ യോഗത്തിലേയ്ക്ക് ക്ഷണിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രത്യേക ക്ഷണിതാക്കൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രത്യേക ക്ഷണിതാക്കൾക്ക് കമ്മീഷൻ യോഗത്തിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

9. കമ്മീഷന്റെ അധികാരങ്ങൾ.—(1) കമ്മീഷന് അതിന്റെ ചുമതലകൾ നിറവേറ്റുന്ന ആവശ്യത്തിലേയ്ക്കായി,—

(എ) സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്റേയോ; അല്ലെങ്കിൽ

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടെയോ ലോക്കൽ അതോറിറ്റികളുടെയോ അനുമതിയോടുകൂടിയും സർക്കാരിന്റെ സമ്മതത്തോടുകൂടിയും അങ്ങനെയുള്ള കോർപ്പറേഷന്റെയോ ലോക്കൽ അതോറിറ്റിയുടെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ; സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

(2) കമ്മീഷന്, 9-ാം വകുപ്പ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെടുക്കുവാനും ഹാജരാക്കൽ ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിനും;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.

(3) 9-ാം വകുപ്പിൻകീഴിൽ അന്വേഷണം നടത്തുമ്പോൾ, കമ്മീഷൻ എല്ലാ കക്ഷികൾക്കും സ്വമേധയായോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ അവരുടെ അഭിപ്രായം അവതരിപ്പിക്കുവാൻ അവസരം നൽകേണ്ടതാണ്.

(4) ഈ ആക്റ്റിൻകീഴിൽ നടത്തിയ ഏതൊരു അന്വേഷണത്തിലെയും കമ്മീഷന്റെ തീരുമാനങ്ങൾ അതിന്റെ ശിപാർശയോടുകൂടി ഉചിതമായ നടപടിക്കോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്.

(5) തെളിവെടുപ്പിന്റെ ഭാഗമായി കമ്മീഷൻ മുമ്പാകെ ഒരാൾ അയാളെ സംബന്ധിച്ച് നൽകുന്ന പ്രസ്താവനയോ മൊഴിയോ, അത്തരം പ്രസ്താവനയോ മൊഴിയോ വഴി തെറ്റായ തെളിവ് നൽകിയതിനുള്ള പ്രോസിക്യൂഷൻ നടപടിയിൽ ഒഴികെ, ഏതെങ്കിലും സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ ഉള്ള നടപടികളിൽ അങ്ങനെയുള്ള ആൾക്കെതിരായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

10. <u>കമ്മീഷന്റെ ചുമതലകൾ.</u>—കമ്മീഷന് അതിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:—

(എ) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക;

(ബി) കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള കർമ്മപരിപാടികൾ അവലോകനം ചെയ്ത് അവ ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമപ്പിക്കുക;

(സി) കർഷക കൂട്ടായ്മ ശക്തിപ്പെടുത്തി ഉൽപ്പാദന വർദ്ധനവ് നേടുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുക;

(ഡി) കാർഷിക ആവാസ വ്യവസ്ഥയ്ക്ക് അനുപൂരകമായ കൃഷിരീതികൾ നിർദ്ദേശിക്കുക;

(ഇ) കർഷകത്തൊഴിലാളി ക്ഷേമത്തിനുള്ള നിലവിലെ പരിപാടികൾ അവലോകനം ചെയ്ത് അവയുടെ പോരായ്മകൾ നികത്തുന്നതിന് നിർദ്ദേശം സമർപ്പിക്കുക;

(എഫ്) സുദൃഢമായ വിപണന സംവിധാനത്തിന് നിർദ്ദേശം സമർപ്പിക്കുക;

(ജി) സ്വാശ്രയ കർഷക സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുക;

(എച്ച്) കർഷകർക്കായുള്ള പലിശ ഇളവ്, പിഴപ്പലിശ ഇളവ് തുടങ്ങിയ ആനുകൂല്യങ്ങൾ മെച്ചമാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(ഐ) വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക;

(ജെ) പ്രകൃതിക്ഷോഭം, കീടരോഗങ്ങൾ, വന്യജീവി ആക്രമണം എന്നിങ്ങനെയുള്ളവയാൽ കൃഷിനാശം സംഭവിക്കുന്നതിന് നൽകി വരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ അവലോകനം ചെയ്യുകയും പരിഷ്കരണ നടപടികൾ ഉൾപ്പെടെയുള്ളവയ്ക്ക് ശിപാർശ നൽകുകയും ചെയ്യുക;

(കെ) കാർഷിക ഗവേഷണ മേഖല വിപുലപ്പെടുത്തുന്നതിനും അതിലെ സംവേദനക്ഷമത ഇല്ലായ്മയ്ക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക;

(എൽ) വീടുകളിൽനിന്നും ഗ്രാമപ്രദേശങ്ങളിൽ നിന്നുമുള്ള അധിക ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക;

(എം) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് പ്രാദേശിക ഭരണകേന്ദ്രങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക;

(എൻ) ജൈവ സാങ്കേതികവിദ്യ, നാനോ ടെക്നോളജി തുടങ്ങിയ പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗം അവലോകനം ചെയ്യുകയും അവ വ്യാപകമാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുക;

(ഒ) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് നിർദ്ദേശം നൽകുക;

(പി) കാർഷികവൃത്തിയിലേയ്ക്ക് കൂടുതൽപേരെ പ്രത്യേകിച്ചും യുവാക്കളെ ആകർഷിക്കുന്നതിനും കാർഷിക മേഖല സാമ്പത്തികമായി ഫലദായകവും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായി പരിഷ്കരിക്കുന്നതിനുതകുന്ന ശിപാർശകൾ സമർപ്പിക്കുക;

(ക്യൂ) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം, കർഷക പെൻഷൻ പദ്ധതി നടത്തിപ്പ് എന്നിവ അവലോകനം ചെയ്യുകയും കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി സമർപ്പിക്കുകയും ചെയ്യുക;

(ആർ) കാർഷിക ഉൽപ്പന്നങ്ങൾക്ക് അടിസ്ഥാനവില ലഭ്യമാക്കുന്നതിന് നടപടികൾ നിർദ്ദേശിക്കുക;

(എസ്) കാർഷിക മേഖലയിലെ ഉൽപ്പാദനോപാധികൾക്ക് ധനസഹായം ലഭ്യമാക്കുന്ന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുക;

(ടി) പട്ടയഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ദീർഘകാല-ഹ്രസ്വകാല വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(യു) വന്യജീവി ആക്രമണം തടയുന്നതിന് തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും വനംവകുപ്പിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക;

(വി) സംയോജിത കൃഷിസമ്പ്രദായങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(ഡബ്ല്യു) കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അതുമുഖേന സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുക;

(എക്സ്) സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക;

(വൈ) കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ചും പെട്ടെന്ന് ചീഞ്ഞുപോകുവാൻ ഇടയുള്ള ഉൽപ്പന്നങ്ങൾക്ക് കാര്യക്ഷമമായ വിപണന ശൃംഖല സൃഷ്ടിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(ഇസഡ്) കാർഷിക വളർച്ചാ നിരക്ക് പുനരുജ്ജീവിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം തയ്യാറാക്കി സമർപ്പിക്കുക;

(എഎ) കർഷകത്തൊഴിലാളികളെ സംബന്ധിച്ച രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കുക;

(എബി) കർഷകത്തൊഴിലാളികൾക്ക് സ്ഥിരവരുമാനവും തൊഴിൽസുരക്ഷയും ഉറപ്പാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുക.

(എസി) കാർഷിക മേഖലയിലെ ഗവേഷണഫലങ്ങൾ കൃഷിയിടങ്ങളിലേക്ക് എത്തിക്കുന്നതിന് ഗവേഷക-കർഷക- കർഷകത്തൊഴിലാളി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(എഡി) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ലഭ്യമായ വിഭവങ്ങളെയും സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ ഘടകങ്ങളെയും അടിസ്ഥാനമാക്കിയുള്ള വിളകളും കൃഷിരീതികളും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ശാസ്ത്രീയാടിസ്ഥാനത്തിൽ പരിചയപ്പെടുത്തുന്നതിന് നടപടികൾ നിർദ്ദേശിക്കുക;

(എഇ) ഓരോ പ്രദേശത്തേയും മുതിർന്ന കർഷകരുടെയും കർഷകത്തൊഴിലാളി കളുടെയും പ്രായോഗിക അനുഭവങ്ങളും അറിവുകളും ഉപയോഗപ്രദമാക്കുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(എഎഫ്) പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക;

(എജി) കാർഷികാദ്ധ്വാന പരിഷ്കരണം നടത്തുന്നതിന് ഉതകുന്ന മാർഗ്ഗങ്ങൾ കണ്ടെത്തി സമർപ്പിക്കുക;

(എഎച്ച്) സംസ്ഥാനത്തെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും എണ്ണം, പ്രവർത്തനം, ജീവിതസാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി കണ്ടെത്തലുകൾ റിപ്പോർട്ടായി സമർപ്പിക്കുക;

(എഐ) കർഷകത്തൊഴിലാളികൾക്ക് മതിയായ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിനും, മെച്ചപ്പെട്ട ജോലി സമയവും ഉചിതമായ വേതനവും ഉറപ്പാക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(എജെ) കാർഷിക യന്ത്രവൽക്കരണത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കർഷകരേയും കർഷകത്തൊഴിലാളികളേയും പ്രാപ്തരാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുക;

(എകെ) കാർഷിക മേഖലയെ പുനരാവിഷ്കരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(എഎൽ) സംസ്ഥാനത്ത് മൃഗങ്ങളുടെയും പക്ഷികളുടെയും പരിപാലനമേഖല ലാഭകരവും വിജയപ്രദവും ആക്കുന്നതിന് കർമ്മപരിപാടികൾ ആവിഷ്കരിക്കുക;

(എഎം) ജില്ലകൾതോറും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പരിശീലനത്തിന് വേണ്ട പശ്ചാത്തല സൗകര്യം സ്ഥാപിക്കുന്നത് സംബന്ധിച്ചും നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ബോധവൽക്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ കാലാകാലങ്ങളിൽ സംഘടിപ്പിക്കുന്നതിനും ആവശ്യമായ സഹായസഹകരണം നൽകുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക;

(എഎൻ) കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ആവശ്യങ്ങളും പരാതികളും നേരിട്ട് സ്വീകരിച്ച് അവയ്ക്ക് പരിഹാരം കണ്ടെത്തുക;

(എഒ) കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവരുടെ പ്രശ്നങ്ങൾ അറിയുന്നതിനും പരിഹരിക്കുന്നതിനും വ്യക്തികളുമായും സംഘടനകളുമായും വിവിധ യൂണിയൻ പ്രതിനിധികളുമായും യോഗം ചേരുകയും നയപരമായി സ്വീകരിക്കുന്നതിന് ആവശ്യമായ ശിപാർശകൾ സർക്കാരിന് നൽകുകയും ചെയ്യുക;

(എപി) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് ഏതെങ്കിലും സ്ഥാപനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ സേവനം ആവശ്യപ്പെടുന്നതിനും ഉപയോഗിക്കുന്നതിനും കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതാണ്;

(എക്യൂ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പ്രത്യേകമായി ഏൽപ്പിക്കുന്ന അപ്രകാരമുള്ള ചുമതലകളും കമ്മീഷൻ നിർവ്വഹിക്കേണ്ടതാണ്.

11. സർക്കാർ ഗ്രാന്റുകൾ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്ക് വിനിയോഗിക്കുന്നതിനായി സർക്കാർ, നിയമംമൂലം ധനവിനിയോഗം നടത്തേണ്ടതും അങ്ങനെയുള്ള തുക ഗ്രാന്റായി കമ്മീഷന് നൽകേണ്ടതുമാണ്.

(2) ഈ ആക്റ്റിൻ പ്രകാരമുള്ള ചുമതല നിർവ്വഹിക്കുന്നതിന് കമ്മീഷന്, ആവശ്യമെന്ന് കരുതുന്ന തുക (1)-ാം ഉപവകുപ്പ് പ്രകാരം അനുവദിച്ച ഗ്രാന്റിൽ നിന്നും ചെലവാക്കാവുന്നതാണ്.

12. വാർഷിക റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന്.—(1) കമ്മീഷൻ, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള തീയതിക്കോ അതിനു മുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള വാർഷിക റിപ്പോർട്ട്, അത് ലഭിച്ചാലുടൻ തന്നെ എത്രയും വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

13. കണക്കുകളും ഓഡിറ്റും.—(1) കമ്മീഷൻ ശരിയായ കണക്കുകളും മറ്റ് പ്രസക്തമായ രേഖകളും സൂക്ഷിച്ചുപോരേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ വർഷംതോറും ഓഡിറ്റ് ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

14. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

15. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ കമ്മീഷനോ, സർക്കാരോ ഒത്തുതീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

16. കമ്മീഷനിലെ അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട കമ്മീഷനിലെ ഓരോ അംഗവും മറ്റു ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെയോ അല്ലെങ്കിൽ 2023-ലെ ഭാരതീയ ന്യായസംഹിതയിലെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിന്റെ (28)-ാം ഉപവകുപ്പിന്റെയോ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനിലെ ഏതെങ്കിലും അംഗങ്ങൾക്കോ സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ എതിരായി യാതൊരു വ്യവഹാരമോ നിയമനടപടിയോ നിലനിൽക്കുന്നതല്ല.

18. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, സന്ദർഭം ആവശ്യപ്പെടുന്നവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതുമായ ഏത് കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും നൽകുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

19. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ

മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

രാജ്യത്തെ സാധാരണക്കാരന്റെ ജീവിതചക്രം തിരിയുന്നത് കൃഷി മുഖേനയാണ്. 54.5 ശതമാനം ഗ്രാമീണ ജനങ്ങൾ അവരുടെ ജീവനോപാധി കണ്ടെത്തുന്നത് കാർഷിക മേഖലയിൽ നിന്നുമാണ്. ആയതിനാൽ കാർഷിക മേഖലയിൽ ഉൽപ്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കേണ്ടത് രാജ്യത്തിന്റെ നിലനിൽപ്പിനുതന്നെ ആവശ്യമാണ്.

കാർഷിക വളർച്ചാ നിരക്ക് പുനരുജ്ജീവിപ്പിക്കുവാനും വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാനും പതിനാലാം പഞ്ചവത്സരപദ്ധതിയിലൂടെ കേരളം ലക്ഷ്യമിടുന്നു. ഇതിനായി ആഗോളതലത്തിൽ കാർഷിക മേഖലയ്ക്കുള്ള മാറ്റങ്ങൾ മനസ്സിലാക്കി ആ തലത്തിലേയ്ക്ക് കേരളത്തിലെ കാർഷിക രംഗത്തെ ഉയർത്തി എടുക്കുന്നതിനുള്ള പരിശ്രമമാണ് വേണ്ടത്. കാർഷിക മേഖല സാമ്പത്തിക മെച്ചമുണ്ടാക്കുന്നതും ബൗദ്ധിക ഉത്തേജനം നൽകുന്ന രീതിയിലും പരിഷ്കരിക്കപ്പെടുമ്പോൾ യുവാക്കളെ ഉൾപ്പെടെ ആ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കും. തദനുസൃതമായി കർഷകത്തൊഴിലാളി മേഖലയും നവീകരിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ നവകാർഷിക കേരളം മറ്റൊരു കേരള മോഡലായി മാറ്റപ്പെടണം.

കേരളത്തിലെ കാർഷിക മേഖല ഇത്തരത്തിലേയ്ക്ക് ഉയർത്തപ്പെടുന്നതിന് കൃഷിയുടെയും അനുബന്ധ മേഖലയുടെയും അവലോകനം നടത്തുകയും കാർഷിക വികസനം, സാമ്പത്തിക ശാക്തീകരണം, പാരിസ്ഥിതിക സുസ്ഥിരത, കർഷക-കർഷകത്തൊഴിലാളി ക്ഷേമം എന്നിവയിൽ ഊന്നിക്കൊണ്ട് നവീന പദ്ധതികൾ ആവിഷ്കരിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുകയും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പരാതികൾ പരിഹരിക്കുകയും കൃഷി വകുപ്പിനൊപ്പം വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാകുകയും വേണം. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് നിലവിൽ ഒരു പ്രത്യേക ഏജൻസി സംസ്ഥാനത്ത് രൂപീകരിച്ചിട്ടില്ല. ആയതിനാൽ കൃഷിയേയും കർഷകനേയും കർഷകത്തൊഴിലാളിയേയും സംരക്ഷിക്കുവാനും കാർഷിക മേഖലയിലെ വെല്ലുവിളികൾക്കിടയിലെ സാദ്ധ്യതയായി ഉപയോഗപ്പെടുവാനും കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ സംസ്ഥാനത്ത് രൂപീകരിക്കാവുന്നതാണ്. ഇത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം പ്രകാരമുള്ള കമ്മീഷൻ രൂപീകരണം, ഭരണനിർവ്വഹണം, പ്രവർത്തനം, എക്സ്-ഒഫിഷ്യോ അംഗങ്ങളൊഴികെയുള്ളവരുടെയും ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം, ഓണറേറിയം, ബത്തകൾ, സിറ്റിംഗ് ഫീസ് തുടങ്ങിയവയ്ക്ക് ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഉണ്ടാകുന്നതാണ്. കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ മാത്രമെ കൃത്യമായ കണക്കുകൾ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും കമ്മീഷന്റെ രൂപീകരണവും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി സഞ്ചിതനിധിയിൽ നിന്നും 50 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഗസറ്റ് വിജ്ഞാപനം മുഖേന കേരള കർഷക-കർഷകത്തൊഴിലാളി കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കമ്മീഷൻ ചെയർപേഴ്സണേയും എക്സ്-ഒഫിഷ്യോ അല്ലാത്ത അംഗങ്ങളേയും നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 3-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കമ്മീഷനെ സഹായിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 4-ാം ഖണ്ഡം (7)-ാം ഉപഖണ്ഡം കമ്മീഷന്റെ ചെയർപേഴ്സന്റെ ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 4-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം കമ്മീഷന്റെ എക്സ്-ഒഫിഷ്യോ ഒഴികെയുള്ള അംഗങ്ങൾക്ക് ബത്തകളും സിറ്റിംഗ് ഫീസും നൽകുന്നതിനുള്ള വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരേയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കമ്മീഷനിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 8-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കമ്മീഷൻ യോഗങ്ങളിലെ പ്രത്യേക ക്ഷണിതാക്കൾക്ക് നൽകേണ്ട ബത്ത നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 11-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ബില്ലിലെ വ്യവസ്ഥകളുടെ നിർവ്വഹണത്തിനായി നിയമംമൂലം ധനവിനിയോഗം നടത്തുവാനും അങ്ങനെയുള്ള തുക ഗ്രാന്റായി അനുവദിക്കുവാനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കമ്മീഷൻ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട ഫാറത്തിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കമ്മീഷന്റെ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിനുള്ള ഫാറത്തിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ 18-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ 19-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(14) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയാകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എൻ. ജയരാജ്, എം. എൽ. എ.